"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - വയനാട് ഉരുൾ പൊട്ടലിലെ ദുരന്ത ബാധിതരുടെ പുനരധിവാസത്തിനായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.709/2024/DMD തീയതി,തിരുവനന്തപുരം, 19-09-2024

---

പരാമർശം:- 1. സ .ഉ .(പി ) നം .2/ 2024 / ഡിഎംഡി തീയതി 9 / 8 / 2024

**ഉത്തരവ്**

വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിൽ ഉണ്ടായ ഉരുൾപ്പൊട്ടലിൽ വീടുകൾ നഷ്ടപ്പെടുകയോ, വാസയോഗ്യമല്ലാതാവുകയോ ചെയ്ത കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി പ്രത്യേകനിബന്ധന ഇല്ലാതെ ഭൂമി ദാനം ചെയ്യാമെന്ന് വാഗ്ദാനം ചെയ്തിട്ടുള്ളവരിൽ നിന്നും കേരളഭൂമി വിട്ടൊഴിയൽ ആക്ട് 1958, കേരള ഭൂമി വിട്ടൊഴിയിൽ ചട്ടങ്ങൾ 1958, എന്നിവ പ്രകാരമുള്ള നടപടികളിലൂടെ ഭൂമി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാരും ഇത്തരം കേസുകൾ അടിയന്തിര പ്രാധാന്യം നല്കി തീർപ്പാക്കേണ്ടതാണ്.

കേസുകളുടെ പുരോഗതി വിലയിരുത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുരാധ കെ സി
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ ,ലാൻഡ് റവന്യൂ
കമ്മീഷണർ , ദുരന്ത നിവാരണം
ജില്ലാ കളക്ടർ, വയനാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signed by
ഉത്തരവിൻ പ്രകാരം
Veena K V
Date: 19-09-2024 13:11:45
സെക്ഷൻ ഓഫീസർ